# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4279 25.06.2018-ൽ മറുപടിയ്ക്ക്

**ഹോട്ടലുകളുടെ ബാർ ലൈസൻസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ റദ്ദാക്കിയെന്നും എത്രയെണ്ണം പുതുതായി അനുവദിച്ചുവെന്നും അറിയിക്കുമോ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെറ്റായ വിവരം നൽകി ലൈസൻസ് നേടിയ തിരുവനന്തപുരം ജില്ലയിലെ വെമ്പായത്ത് പ്രവർത്തിച്ചുവന്ന ശ്രീവത്സം റസിഡൻസി എന്ന സ്ഥാപനത്തിന്റെ ബാർ ലൈസൻസ് 12.06.2018-ൽ റദ്ദാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 19.06.2018 വരെ 99 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 8 |
| കൊല്ലം | 11 |
| പത്തനംതിട്ട | 4 |
| ആലപ്പുഴ | 8 |
| കോട്ടയം | 9 |
| ഇടുക്കി | 7 |
| എറണാകുളം | 18 |
| തൃശ്ശൂർ | 9 |
| പാലക്കാട് | 8 |
| മലപ്പുറം | 2 |
| കോഴിക്കോട് | 5 |
| വയനാട് | 0 |
| കണ്ണൂർ | 7 |
| കാസർഗോഡ് | 3 |
| ആകെ | 99 |

(ബി) മുൻ സർക്കാരിന്റെ കാലത്ത് ബാറുകൾ അടച്ചുപൂട്ടിയവയിൽ എത്ര ഹോട്ടലുകളുടെ ബാർ ലൈസൻസ് പുന:സ്ഥാപിച്ചു നൽകി ; അവ വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ബി) മുൻ സർക്കാരിന്റെ കാലത്ത് ബാറുകൾ അടച്ചുപൂട്ടിയതിനെ തുടർന്ന് ബിയർ & വൈൻ പാർലറായി പ്രവർത്തിച്ചുവന്നിരുന്ന 282 ഹോട്ടലുകളുടെ ബാർ ലൈസൻസ് പുന:സ്ഥാപിച്ച് വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**